**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3727** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് - മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ കെ.എസ്.ആർ.ടി.സി. കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് - മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിലെ ചെയിൻ സർവ്വീസ് സംബന്ധിച്ച് കേരള - കർണാടക കരാർ ഉടമ്പടിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കേരളവും അയൽ സംസ്ഥാനമായ കർണ്ണാടകയുമായി വിവിധ കാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള അന്തർ സംസ്ഥാന ഗതാഗത കരാറിലെ വ്യവസ്ഥകൾ പ്രകാരം കർണ്ണാടകയിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും വിവിധ റൂട്ടുകളിലേയ്ക്കും കെ.എസ്.ആർ.ടി.സി. നടത്തി വരുന്ന സർവീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2016ലെ അന്തർസംസ്ഥാന വ്യവസ്ഥ പ്രകാരം കാഞ്ഞങ്ങാട് കാസർഗോഡ് മംഗലാപുരം റൂട്ടിൽ 30 ബസ്സുകൾക്കും 2009ലെ കരാർ പ്രകാരം കാസർഗോഡ് മംഗലാപുരം റൂട്ടിൽ 11 ബസ്സിനും, 2005ലെ കരാർ വ്യവസ്ഥകൾ പ്രകാരം കാസർഗോഡ് - മംഗലാപുരം റൂട്ടിൽ 10 ബസ്സുകൾക്കും 1976ലെ കരാർ പ്രകാരം ഒരു ബസ്സിനും കാസർഗോഡ്-മംഗലാപുരം റൂട്ടിൽ കെ.എസ്.ആർ.ടി.സി.ക്ക് പെർമിറ്റ് ലഭ്യമായിട്ടുണ്ട്. 1976 ലെ കരാർ വ്യവസ്ഥകൾ പ്രകാരം സ്വകാര്യ ബസ്സുകളും പ്രസ്തുത റൂട്ടിൽ സർവീസ് നടത്തി വരുന്നുണ്ട്. |
| (ബി) | കാസർഗോഡ് - മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ കെ.എസ്.ആർ.ടി.സി. യുടെ എത്ര ബസ്സാണ് നിലവിൽ സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കാസർഗോഡ് മംഗലാപുരം അന്തർസംസ്ഥാന റൂട്ടിൽ നിലവിൽ 47 ബസുകൾ ഉപയോഗിച്ച് 240 ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു. |
| (സി) | പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ എത്ര മിനുട്ടുകൾ ഇടവിട്ടാണ് ഓടുന്നതെന്നും അതിൽ നിന്നും പ്രതിമാസം ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണെന്നും അറിയിക്കുമോ; | (സി) | അന്തർ സംസ്ഥാന റൂട്ട് ആയതിനാൽ കർണാടക ആർ.ടി.സി.യുമായി സഹകരിച്ചാണ് കെ.എസ്.ആർ.ടി.സി.സർവീസുകൾ ക്രമീകരിച്ചിട്ടുള്ളത് 04. 00 മണി മുതൽ രാത്രി 9.30 വരെ നിലവിൽ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തുന്നു. ഏറ്റവും തിരക്ക് അനുഭവപ്പെടുന്ന രാവിലെ 6 മണി മുതൽ ശരാശരി മൂന്ന് മിനിട്ട് ഇടവേളയിൽ തുടർച്ചയായി സർവീസുകൾ |

| | | | |
|---|---|---|---|
| | | | ക്രമീകരിച്ചിട്ടുണ്ട് ശരാശരി പ്രതിമാസ വരുമാനം 173,33,030/- രൂപയാണ് ലഭിച്ചുവരുന്നത് |
| (ഡി) | പ്രസ്തുത റൂട്ടിൽ കൂടുതൽ ബസ് സർവ്വീസ് നടത്തി യാത്രക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പ്രസ്തുത അന്തർ സംസ്ഥാന റൂട്ടിൽ യാത്രാ ക്ലേശം ഉണ്ടാകാത്ത വിധത്തിൽ തുടർച്ചയായി സർവീസുകൾ ഇരു സംസ്ഥാനങ്ങളിലെ ആർ.ടി.സി. കളും നടത്തിവരുന്നുണ്ട്. അധിക സർവീസുകൾ ആരംഭിക്കണമെന്ന ആവശ്യം സാധ്യത പഠനം നടത്തി പരിശോധിക്കുന്നതാണ്. |
| (ഇ) | കാസർഗോഡ് - തലപ്പാടി റൂട്ടിൽ ഓർഡിനറി ബസ് സർവ്വീസ് തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ; | (ഇ) | കാസർഗോഡ് തലപ്പാടി റൂട്ടിലൂടെയാണ് നിലവിൽ ഇത് സംസ്ഥാനങ്ങളിലെ ആർ.ടി.സി.കളും യാത്ര ക്ലേശമില്ലാതെ തുടർച്ചയായി സർവീസ് നടത്തിവരുന്നത്. കൂടുതൽ ഓർഡിനറി സർവീസുകൾ ആരംഭിക്കണമെന്ന ആവശ്യത്തിൻമേൽ ടി റൂട്ട് ഉൾപ്പെടുന്ന കാഞ്ഞങ്ങാട് തൊക്കോട്ട് റൂട്ടിൽ എത്രയും വേഗം ഓർഡിനറി സർവീസ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |
| (എഫ്) | കാസർഗോഡ് നിന്നും ദേശീയപാത വഴി കർണാടക ബി.സി. റോഡിലേക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കാൻ കരാറുണ്ടോ; | (എഫ്) | ഉണ്ട് കർണാടക സംസ്ഥാനത്തിന്റെ ധർമ്മസ്ഥലയിലേക്ക് ബി.സി. റോഡ് വഴി ഒരു സർവീസ് നടത്തുന്നതിന് അന്തർ സംസ്ഥാന കരാർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട് |
| (ജി) | എങ്കിൽ കേരളത്തിന്റെ എത്ര ബസുകൾ ഈ റൂട്ടിൽ ഓടുന്നുണ്ടെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഏറെ ലാഭകരമായ പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്തുമോയെന്ന് വ്യക്തമാക്കാമോ? | (ജി) | നിലവിൽ കെ.എസ്.ആർ.ടി.സി. പ്രസ്തുത റൂട്ടിൽ സർവീസ് നടത്തുന്നില്ല. എന്നാൽ പ്രസ്തുത റൂട്ടിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു സർവീസ് ആരംഭിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ